# അമൃതയിൽ അന്തർദേശീയ ശില്പശാല

കൊല്ലം: പ്രകൃതി ദുരന്ത മുന്നറിയിപ്പ് നൽകുന്നതിന് അമൃത യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത വയർലെസ് ടെക്നോളജി ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ഉപയോഗിക്കുന്നത് സംബന്ധിച്ച് നാലു ദിവസം നീണ്ടു നിൽക്കുന്ന അന്തർദേശീയ ശില്പശാല ഇന്ന് മുതൽ അമൃതപുരി ക്യാമ്പസിൽ ആരംഭിക്കും. കേന്ദ്ര ഗവൺമെന്റിന്റെ ശാസ്ത്രസാങ്കേതിക ഉപദേഷ്ടാവ് ഡോ.ആർ. ചിദംബരം കോൺഫറൻസിൽ മുഖ്യപ്രഭാഷണം നടത്തും.

ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി പ്രവചിക്കുന്നതിന് കേന്ദ്രസർക്കാരിന്റെയും യൂറോപ്യൻ യൂണിയന്റെയും സഹായത്തോടുകൂടി അമൃത യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത വയർലെസ് ടെക്നോളജി പദ്ധതി മൂന്നാറിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കൂടുതൽ സാധ്യതയുള്ള ഹിമാചൽപ്രദേശ്, കൊങ്കൺ പ്രദേശങ്ങൾ, കേരളം എന്നിവിടങ്ങളിൽ ഈ പദ്ധതി വ്യാപകമായി ഉപയോഗിക്കാനുള്ള സാധ്യത പഠിക്കാൻ കേന്ദ്രസർക്കാരിന്റെ ശാസ്ത്രസാങ്കേതിക ഉപദേഷ്ടാവ് ഡോ.ആർ. ചിദംബരം അടുത്ത ആഴ്ച കേരളത്തിലെത്തും.

വിദേശത്തു നിന്നുള്ള നാൽപ്പതോളം വിദഗ്ധരും മുന്നൂറിലേറെ പ്രതിനിധികളും ശില്പശാലയിൽ പങ്കെടുക്കുന്നുണ്ട്.